(എഫ്) ഇത്തരത്തിൽ ബോർഡ് വയ്ക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന്മേൽ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) സഭയിൽ നൽകിയ ഉറപ്പ് പാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ഉണ്ട്.

(ഡി) നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) 'കേരള സർക്കാർ' എന്ന ബോർഡ് വയ്ക്കാൻപാടില്ല എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ജീവനക്കാരുടെ പുനർവിന്യാസം**

**118 (1588)** ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ജീവനക്കാരെ പുനർവിന്യസിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പുനർവിന്യസിച്ച ജീവനക്കാരിൽ ജോലിയിൽ പ്രവേശിക്കാത്ത എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരമേറ്റശേഷം 3858 ജീവനക്കാരെ പുനർവിന്യസിച്ചു.

(ബി) പുനർവിന്യസിക്കപ്പെട്ടതിൽ എഞ്ചിനീയറിംഗ് വിംഗിലെ സാങ്കേതികേതര വിഭാഗത്തിൽ 633 പേർ ജോലിയിൽ പ്രവേശിക്കാനുണ്ട്.

പുനർവിന്യസിച്ച ജീവനക്കാരിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലും തദ്ദേശ ഭരണ എഞ്ചിനീയറിംഗ് വിംഗിലെ സാങ്കേതിക വിഭാഗത്തിലും ജോലിയിൽ പ്രവേശിക്കാത്തവരെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**പുതുക്കിയ കെട്ടിട നികുതി ചുമത്തുന്നതു സംബന്ധിച്ചു നൽകിയ നിർദ്ദേശങ്ങൾ**

**119 (1589)** ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കിയ കെട്ടിട നികുതി ചുമത്തുന്നതു സംബന്ധിച്ച് സർക്കാർ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പഴയ കെട്ടിടങ്ങൾക്ക് പുതുക്കിയ നികുതി തൽക്കാലം ചുമത്തേണ്ട തില്ലെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാം ;

(ഡി) സംസ്ഥാനത്തെ ഏതെല്ലാം തദ്ദേശ ഭരണ സ്ഥാപനങ്ങൾ പഴയ കെട്ടിടങ്ങൾക്ക് പുതുക്കിയ കെട്ടിട നികുതി ചുമത്തിയിട്ടില്ലെന്ന് വ്യക്തമാക്കുമോ ;

(ഇ) അതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 23-6-2007-ലെ ജി.ഒ.(എം.എസ്.)166/07/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന വസ്തുനികുതി പരിഷ്കരിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവും തുടർന്ന് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും 22-7-2009-ലെ സ.ഉ.(എം.എസ്.)140-09/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മരവിപ്പിച്ചിരുന്നു. കേരള പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി ആക്ടുകളിൽ വസ്തുനികുതി സംബന്ധിച്ച വ്യവസ്ഥകളിൽ ആവശ്യമായ ഭേദഗതിവരുത്തുകയും, തുടർന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ഈടാക്കുന്നതിനുവേണ്ടി കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഗാർഹിക-ഗാർഹികേതര കെട്ടിടങ്ങളുടെയും വസ്തുനികുതി പരിഷ്കരിച്ചുകൊണ്ട് പുറപ്പെടുവിച്ചിരുന്ന ഉത്തരവുകൾ പ്രകാരമുള്ള എല്ലാ നടപടികളും 22-7-2009-ലെ സ.ഉ.(എം.എസ്.) 140/09/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നിറുത്തിവച്ചിരുന്നതിനാലാണ് പുതുക്കിയ വസ്തുനികുതി ഈടാക്കാതിരുന്നത്.

(ഡി) ആലപ്പുഴ, കാഞ്ഞങ്ങാട്, കൊയിലാണ്ടി, മഞ്ചേരി, ചിറ്റൂർ-തത്തമംഗലം, ഇരിങ്ങാലക്കുട, ചങ്ങനാശ്ശേരി എന്നീ 7 നഗരസഭകൾ ഒഴികെ ബാക്കി നഗര സഭകൾ പുതുക്കിയ കെട്ടിടനികുതി ചുമത്തിയിട്ടില്ല. പഞ്ചായത്തുകളുടെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഇ) കേരള പഞ്ചായത്ത്രാജ്/മുനിസിപ്പാലിറ്റി ആക്ടുകളിൽ ആവശ്യമായ ഭേദഗതിവരുത്തി ചട്ടങ്ങൾ പുറപ്പെടുവിക്കാത്തതിനാലാണ് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ പുതുക്കിയ നികുതി ചുമത്താതിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly